(Pages : 4) **L – 3672**

Reg. No. : ..............................

Name : ..................................

**First Semester B.Com. Degree Examination, August 2021**

**First Degree Programme under CBCSS**

**Malayalam**

**Language Course II – Additional Language**

**ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം**

**(2020 Admission - Regular)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. നിശ്ശബ്ദസഞ്ചാരങ്ങൾ എന്ന നോവൽ രചിച്ചതാര്?

2. 'കാപ്പിരികളുടെ നാട്ടിൽ' ഏതു സാഹിത്യഭാഗത്തിൽ ഉൾപ്പെടുന്നു?

3. ഹമീദ് കഥാപാത്രമാവുന്ന നോവൽ.

4. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' രചിച്ചതാര്?

5. 'നാൽക്കവല' നാടകത്തിലെ ഗാനം രചിച്ച കവി.

6. ബാലിദ്വീപിനെക്കുറിച്ചുള്ള പ്രമാണഗ്രന്ഥം എന്ന് എസ്.കെ. പൊറ്റക്കാട് വിശേഷിപ്പിച്ച കൃതി.

7. ബാലിയിൽവച്ച് പൊറ്റെക്കാട് പരിചയപ്പെട്ട സംസ്കൃതപണ്ഡിതൻ.

P.T.O.

8. ‘മലയാളസിനിമാപഠനങ്ങൾ’ ആരുടെ കൃതിയാണ്?

9. കള്ളൻ പവിത്രൻ സിനിമ പുറത്തിറങ്ങിയ വർഷം.

10. ‘പെരുവഴിയമ്പലം’ സിനിമയുടെ സംവിധായകൻ ആര്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. പുലാക്കിയെക്കുറിച്ചുള്ള കഥയെന്ത്?

12. ‘ലോകത്തിലെ ഒരു കലാകാരനും പുനരാവിഷ്കരിക്കാൻ കഴിയാത്ത, ജീവിതത്തിന്റെ ഒരു പച്ച നിമിഷം’ എന്ന് നജീബ് വിശേഷിപ്പിച്ച സന്ദർഭമേത്?

13. ബാലിയിലെ മേരുക്കളുടെ സവിശേഷതയെന്ത്?

14. നജീബിന് ഇരട്ടി സുഖവും ഉറക്കവും സമ്മാനിക്കുന്ന ഓർമ്മയെന്ത്?

15. മെസാംഗി ചടങ്ങിന്റെ പ്രത്യേകത വ്യക്തമാക്കുക.

16. മാമച്ചന്റെ സാമ്പത്തികത്തകർച്ചയ്ക്ക് പവിത്രൻ കാരണമായതെങ്ങനെ?

17. അർച്ചകളുടെ സവിശേഷതകൾ എന്തെല്ലാം?

18. പവിത്രന്റെ വളർച്ചയിൽ പാത്രക്കച്ചവടക്കാരൻ വഹിച്ച പങ്കെന്ത്?

19. ‘പറയുന്ന സത്യത്തെക്കാൾ പറയിപ്പിക്കുന്ന സത്യമാ ഞങ്ങൾക്കു കാര്യം’ ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക.

20. പവിത്രന്റെ ആദ്യ ഭാര്യയുടെ സ്വഭാവം നിർണ്ണയിക്കുക.

21. മരുഭൂമിയിലെ ചെടികൾ നജീബിന് പ്രത്യാശ പകർന്നതെങ്ങനെ?

22. പുരുഷന്റെ മനസ്സ് കിട്ടുന്നത് സ്ത്രീക്ക് ആനന്ദമാണെന്ന് പാർവ്വതി പറയാൻ കാരണമെന്ത്?

23. 'നിങ്ങളന്വേഷിക്കേണ്ടത് ഇവിടെ മരിച്ചുവീണ അജ്ഞാതനായ മനുഷ്യനെയാണ്' - സന്ദർഭമെഴുതുക.

24. നാൽക്കവല നാടകത്തിൽ സംഭാഷണങ്ങൾ വഹിക്കുന്ന പങ്കെന്ത്?

25. കാക്കിയുടുപ്പുകൾക്കുള്ളിലുള്ള ഞങ്ങളും മനുഷ്യരാണെന്ന് വാസു പറയാൻ കാരണമെന്ത്?

26. പവിത്രന്റെ അറസ്റ്റിൽ ദമയന്തിക്കുള്ള പങ്ക് വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

27. ലെഗോങ് നൃത്തത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

28. ബാലിയിലെ ബ്രാഹ്മണരുടെ സാമൂഹികപദവി നിർണ്ണയിക്കുക.

29. സുബാക്ക് കാർഷികസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

30. നജീബ് സൈനുവിന് എഴുതിയ കത്തിന്റെ ഉള്ളടക്കം എന്തായിരുന്നു?

31. കള്ളൻ പവിത്രൻ പെട്ടെന്ന് സമ്പന്നനായി മാറിയതെങ്ങനെ?

32. മരുഭൂമി ഒരു കാടാണ് എന്ന് നജീബ് അഭിപ്രായപ്പെടുവാൻ കാരണമെന്ത്?

33. നജീബ് മസറയോടു യാത്ര പറയുന്ന രംഗം വിവരിക്കുക.

34. കൂളിവേട്ടയുടെ സവിശേഷതകൾ വ്യക്തമാക്കുക.

35. അശ്വതി എന്ന കഥാപാത്രത്തിന് നാൽക്കവല നാടകത്തിലുള്ള പ്രാധാന്യമെന്ത്?

36. പത്തീമറാണിയെ പരിചയപ്പെടുത്തുക.

37. ഇബ്രാഹിം വാദരിക്ക് നജീബിന്റെ ജീവിതത്തിലുള്ള സ്ഥാനമെന്ത്?

38. തെങ്കാനൻ വർഗ്ഗക്കാരെ സംബന്ധിച്ച ഐതിഹ്യമെന്ത്?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

39. നാൽക്കവലയിൽ അവതരിപ്പിക്കുന്ന സാമൂഹികവിമർശനത്തിന്റെ സ്വഭാവം വ്യക്തമാക്കുക.

40. സഞ്ചാരിയുടെ അന്വേഷണകൗതുകവും സാഹിത്യകാരന്റെ ആഖ്യാനവൈഭവവും 'ബാലിദ്വീപി'ൽ സമന്വയിക്കുന്നതെങ്ങനെ?

41. 'കള്ളൻ പവിത്രൻ' സിനിമയുടെ തിരക്കഥയെ ആധാരമാക്കി പത്മരാജന്റെ തിരക്കഥകളുടെ സവിശേഷതകൾ അപഗ്രഥിക്കുക.

42. 'തീക്ഷ്ണമായ ജീവിതാനുഭവങ്ങൾക്കൊപ്പം അതിജീവനത്തിന്റെ പാഠവും കൂടി പകർന്നു നൽകുന്ന നോവലാണ് ആടുജീവിതം' - പരിശോധിക്കുക.

43. തിരക്കഥയ്ക്ക്, സിനിമയിലുള്ള പ്രാധാന്യമെന്ത്? ചർച്ച ചെയ്യുക.

44. മലയാളത്തിലെ ആദ്യകാലസഞ്ചാരസാഹിത്യകൃതികൾ പരിചയപ്പെടുത്തുക.

**(2 × 15 = 30 Marks)**

---